**പതിമൂന്നാംകേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.308    09.04.2013 - ൽ മറുപടിക്ക്**

**കഴക്കൂട്ടം-കൊല്ലം ദേശീയപാതയുടെ വികസനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ. ഗുരുദാസൻ<br>,, എം. എ. ബേബി<br>'' ബി. സത്യൻ<br>ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കഴക്കൂട്ടം-കൊല്ലം ദേശീയപാതയുടെ വികസനത്തിനായി സ്ഥലമെടുക്കുന്നതു സംബന്ധിച്ച് പൊതുജനങ്ങളുടെ എതിർപ്പ് ഉണ്ടായിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത മേഖലയിലെ റോഡുവികസനത്തിനായി ഉണ്ടാക്കിയിരുന്ന അലൈൻമെന്റിൽ ഈ സർക്കാർ മാറ്റം വരുത്തുകയുണ്ടായോ; | (ബി) ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യയാണ് അലൈൻമെന്റ് തയ്യാറാക്കിയിരിക്കുന്നത്. അലൈൻമെന്റിൽ സർക്കാർ മാറ്റം വരുത്തിയിട്ടില്ല. |
| (സി) പ്രസ്തുത റോഡുവികസനത്തിനായി ആശാൻ സ്മാരകത്തിന്റെ സ്ഥലം ഏറ്റെടുക്കുന്നുണ്ടോ; എങ്കിൽ എത്ര സ്ഥലമാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നത്; | (സി) ആശാൻ സ്മാരകത്തിന്റെ കോമ്പൗണ്ടിന്റെ ഉള്ളിൽ 18 മീറ്റർ വീതിയിൽ സ്ഥലം എടുക്കേണ്ടി വരുമെന്നാണ് എൻ.എച്ച്.എ.ഐ. അറിയിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | സ്ഥലമേറ്റെടുക്കലിൽ നിന്ന് പ്രസ്തുത സ്മാരകത്തെ ഒഴിവാക്കുമെന്ന് നൽകിയിരുന്ന ഉറപ്പ് ലംഘിച്ചിട്ടുണ്ടോ; | (ഡി) | സ്ഥലമെടുപ്പിൽ നിന്നും ആശാൻ സ്മാരകത്തെ ഒഴിവാക്കുമെന്ന് എൻ.എച്ച്.എ.ഐ. ഉറപ്പ് നൽകിയിട്ടുണ്ടോ എന്ന് അറിയില്ല. |
| (ഇ) | പൊതുജനങ്ങളുമായി ചർച്ച നടത്തി, പ്രശ്നം പരിഹരിച്ച് പ്രസ്തുത വികസന പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടപ്പാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ? | (ഇ) | ദേശീയപാതാ വികസനത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് തർക്കങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും, കെ.എസ്.റ്റി.പി. പ്രോജക്ട് ഡയറക്ടർ അദ്ധ്യക്ഷനായും ഓരോ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ